I ഇ.ബി. XIV-കേരള നിയമസഭ/XVI-17

## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 നവംബർ 19, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

ധനപ്രതിസന്ധിയും ട്രഷറി നിയന്ത്രണവും

മി. സ്പീക്കർ: ധനകാര്യ മാനേജ്മെന്റിലെ പാളിച്ചയും ധനപ്രതിസന്ധിയും ട്രഷറി നിയന്ത്രണവുംമൂലം വികസന പദ്ധതികൾ സ്തംഭിക്കാനിടയായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട 1600 കോടി രൂപയുടെ ജി.എസ്.ടി. കോമ്പൻസേഷൻ ലഭിക്കാത്തതാണ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. ഈ മാസം ശമ്പള ദിവസങ്ങൾക്കുശേഷവും ട്രഷറി നിയന്ത്രണം തുടരേണ്ടിവന്നിട്ടുണ്ട്. അധിക വായ്പയെടുക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. സാമ്പത്തിക പ്രതിസന്ധി വികസന-ക്ഷേമ പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: ധനകാര്യ മാനേജ്മെന്റിന്റെ പാളിച്ചയും വിഭവസമാഹരണത്തിലെ കെടുകാര്യസ്ഥതയും ധൂർത്തുംമൂലം സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയതുമൂലം വികസന-ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ വർക്കുകൾക്ക് അഡീഷണൽ തുക അനുവദിക്കാതെ ക്യാരി ഓവർ ചെയ്തതും പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതുമാണ് വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടാൻ കാരണമായത്. നികുതി വരുമാനം ഗണ്യമായി കുറഞ്ഞതും ആംനസ്റ്റി പദ്ധതി പരാജയപ്പെട്ടതും പൊതുകടവും ആളോഹരികടവും ധനക്കമ്മിയും വർദ്ധിച്ചതും ധൂർത്ത്

നിയന്ത്രിക്കാൻ സാധിക്കാത്തതും ഗവൺമെന്റിന്റെ പാളിച്ചകളാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നുവെന്നും നിയന്ത്രണമില്ലാത്ത ചെലവും ധൂർത്തുമാണ് ധനപ്രതിസന്ധിക്ക് കാരണമായതെന്നുമുള്ള വാദം ശരിയല്ല. കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക തുക, വിവിധ ക്ഷേമ പെൻഷനുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി., ഇറിഗേഷൻ എന്നിവയുമായി ബന്ധപ്പെട്ട കോൺട്രാക്ട് വർക്കുകൾക്ക് യാതൊരു തടസ്സവുമില്ല. നിലവിൽ ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ, ഡെപ്പോസിറ്റ് വർക്കുകൾ എന്നിവയ്ക്കാണ് വെയ്സ് ആന്റ് മീൻസ് നിയന്ത്രണമുള്ളത്. ജി.എസ്.ടി. വരുമാനം കുറഞ്ഞതിന്റെ ഫലമായി കോമ്പൻസേഷൻ സെസ് ഇനത്തിൽ പിരിക്കുന്ന തുക സംസ്ഥാനങ്ങൾക്ക് നൽകാൻ സാധിക്കില്ലെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. നിരവധി ക്ഷേമപ്രവർത്തനങ്ങൾക്കും ഗെയിൽ പൈപ്പ് ലൈൻ, ദേശീയപാതാ വികസനം തുടങ്ങിയ പ്രവർത്തനങ്ങൾക്കും പണം ചെലവഴിച്ച സർക്കാരാണിത്. മലയോര ഹൈവേയുടെയും നിരവധി പാലങ്ങളുടെയും റോഡുകളുടെയും പണി

യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) ടൂറിസം വികസനത്തിന് പുതിയ പദ്ധതികൾ

<u>ശ്രീ. കെ. ജെ. മാക്സി</u>: ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി പൈതൃക ടൂറിസം മേഖലയുടെ വികസനത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ക്രൂയിസ് ടൂറിസ്റ്റുകൾക്ക് ഹൃദ്യമായ വരവേൽപ്പ് നൽകുകയെന്ന ലക്ഷ്യത്തോടെ

ഫ്ലോട്ടിംഗ് ക്രൂയിസ് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ കം കൂത്തമ്പലം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ചെല്ലാനം, ഫോർട്ടുകൊച്ചി, വൈപ്പിൻ, കടമക്കുടി എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് പൈതൃക ഗ്രാമീണ കായലോര ടൂറിസം സർക്യൂട്ടിന്റെ സാധ്യതകൾ പരിഗണനയിലാണ്. വളന്തക്കാട് ദ്വീപിലെ ഗ്രാമീണ ടൂറിസം പരിപാടിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഹോംസ്റ്റേകൾക്കുള്ള നികുതിയിളവ് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) ഫ്ലക്സ് നിരോധനം

ശ്രീ. പി. കെ. അബ്ദു റബ്ബ്: കേന്ദ്ര സർക്കാരിന്റെ വേസ്റ്റ് മാനേജ്മെന്റ് റൂൾ പ്രകാരം പുനഃചംക്രമണം ചെയ്യാവുന്നതോ പുനരുപയോഗം ചെയ്യാവുന്നതോ ആയ ഉത്പന്നങ്ങൾ നിരോധിക്കരുതെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഫ്ലക്സ് നിരോധിച്ച നടപടി പുന:പരിശോധിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 29-08-2019-ലെ സർക്കാർ ഉത്തരവുപ്രകാരം പി.വി.സി. ഫ്ലക്സ് നിരോധിക്കുകയും പകരം പ്രിന്റിംഗ് തുണി, പേപ്പർ, പോളി എഥിലീൻ

തുടങ്ങിയ പുനഃചംക്രമണ സാധ്യമായ വസ്തുക്കൾ ഉപയോഗിക്കാവുന്നതുമാണ്. പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം 2016 അനുസരിച്ച് പുനഃചംക്രമണം ചെയ്യാൻ സാധിക്കാത്ത മൾട്ടിലെയേർഡ് പ്ലാസ്റ്റിക്കിന്റെ ഉൽപ്പാദനവും ഉപയോഗവും ഘട്ടംഘട്ടമായി ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിൽ നഷ്ടമുണ്ടാകാതെയും പ്രിന്റിംഗിന് ഉപയോഗിക്കുന്ന മെറ്റീരിയലിൽ മാറ്റം വരുത്തിയും ഫ്ലക്സുകൾ പ്രകൃതി സൗഹൃദമാക്കുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

## III സബ്മിഷൻ

### (1) ആലപ്പുഴ ബൈപ്പാസ് നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ആലപ്പുഴ ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേന്ദ്ര-സംസ്ഥാന വിഹിതത്തോടെ ആരംഭിച്ച ആലപ്പുഴ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് ഗർഡറുകളൊഴിച്ച് ബാക്കിയുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കരാറിന്റെ കാലാവധി 2019 ഏപ്രിൽ 15-ന്

അവസാനിച്ചിരിക്കുകയാണ്. ഗർഡറിലെ തടസ്സം മാറ്റി ഭൂരിഭാഗം പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കി മൂന്ന് മാസത്തിനുള്ളിൽ ആലപ്പുഴ ബൈപ്പാസ് കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

(2) സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: ഗവൺമെന്റ്, സ്വകാര്യ ആശുപത്രികളിൽ ഐ.സി.യു-വിലും സി.സി.യു.-വിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): രോഗികളുടെ സ്വകാര്യതയെ ബാധിക്കുമെന്നതിനാലും വിവിധ സങ്കീർണ്ണ പ്രശ്നങ്ങൾക്കിടയാക്കുമെന്നതിനാലും ഐ.സി.യു.-വിൽ സി.സി.ടി.വി. സ്ഥാപിക്കുന്നത് ഉചിതമല്ലെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഐ.സി.യു., സി.സി.യു. എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചിട്ടുള്ള രോഗികളുടെ ആരോഗ്യനില യഥാസമയം ബന്ധുക്കളെ അറിയിക്കാനായി ഒരു കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിന് തുടക്കം കുറിക്കുന്നതാണ്. പേഷ്യന്റ് ഇൻഫർമേഷൻ സിസ്റ്റം മെച്ചപ്പെടുത്താൻ

ശ്രമിക്കുകയും അവ സ്വകാര്യ ആശുപത്രികളിൽക്കൂടി പാലിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നതാണ്.

(3) കായംകുളം താലൂക്ക് രൂപീകരണം

ശ്രീമതി യു. പ്രതിഭ: കായംകുളം താലൂക്ക് രൂപീകരണത്തിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പുതിയ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് നിയോഗിച്ച ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിലുള്ള ടീമിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ മേൽനടപടി സ്വീകരിക്കുന്നതാണ്.

(4) കുടിവെള്ള പദ്ധതി

ഡോ. എൻ. ജയരാജ്: കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ പഞ്ചായത്തുകളിൽ ആധുനിക രീതിയിലുള്ള കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കാഞ്ഞിരപ്പള്ളി, നെടുങ്കുന്നം, കങ്ങഴ പഞ്ചായത്തുകളിൽ നിലവിൽ 0.6 എം.എൽ.ഡി. ജലമാണ്

വിതരണം ചെയ്തുവരുന്നത്. നിലവിലെ ജനസംഖ്യ പ്രകാരവും ഭാവി വികസനവും കണക്കിലെടുത്ത് 15 എം.എൽ.ഡി. ശേഷിയുള്ള ആധുനിക ശുദ്ധീകരണശാല സ്ഥാപിക്കാനാവശ്യമായ സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(5) ഉരുക്ക് തടയണ നിർമ്മാണം

ശ്രീ. പി. കെ. ശശി: ഭാരതപ്പുഴയിൽ പ്രളയത്തിൽ തകർന്ന മണ്ണന്നൂർ ഉരുക്ക് തടയണ പുനർനിർമ്മിക്കുന്നതിനും പാർശ്വഭിത്തി കെട്ടുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): മണ്ണന്നൂർ ഉരുക്ക് തടയണയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി IDRB ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ അടിയന്തരനടപടി കൈക്കൊള്ളുന്നതും KIIDC മുഖേന പ്രവൃത്തി നടപ്പാക്കുന്നതുമാണ്.

(6) തടയണകളുടെ നിർമ്മാണം

ശ്രീ. മുഹമ്മദ് മുഹസിൻ പി.: പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിവിധ തടയണകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും തടയണകളുടെ

നിയന്ത്രണത്തിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ താലൂക്കാസ്ഥാനത്ത് പുതിയ ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): വിവിധ കാരണങ്ങളാൽ കാലതാമസം നേരിട്ട ചെങ്ങണാംകുന്ന് റെഗുലേറ്ററിന്റെ സിവിൽ പ്രവൃത്തികൾ 31-05-2019-ന് പൂർത്തീകരിക്കുകയും കാലടിക്കുന്ന് ആർ.സി.ബി.-യുടെ ഡി.പി.ആർ-ന് അനുമതി നൽകി തുടർനടപടികൾക്കായി KIIDC-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പാറക്കടവ് തടയണയ്ക്കായി 860 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്ററിന് പകരം തടയണ നിർമ്മിക്കാൻ തീരുമാനിക്കുകയും റീ-ഡിസൈൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## (7) കാർഷിക കോളേജ്

ശ്രീ. കെ. ബാബു: നെന്മാറയിൽ പട്ടികജാതി വകുപ്പിന് കീഴിൽ കാർഷിക കോളേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നെന്മാറയിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിന് ലഭ്യമായ താൽപ്പര്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പും കാർഷിക സർവ്വകലാശാലയും ചേർന്ന് സ്ഥലപരിശോധന നടത്തുകയും ഏറ്റെടുക്കേണ്ട സ്ഥലങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും തുടർനടപടികൾക്ക് കൃഷി വകുപ്പിന് തടസ്സമില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(8) സാംസ്കാരിക സമുച്ചയങ്ങൾക്ക് സ്ഥലം ഏറ്റെടുക്കൽ

ശ്രീ. പി. ടി. എ. റഹീം: കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി നിർദ്ദിഷ്ട സ്ഥലത്ത്

ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്ഥലമേറ്റെടുക്കുന്നതിനായി 50 ലക്ഷം രൂപ അഡ്വാൻസ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(9) റോഡ് നവീകരണം

ശ്രീ. വി. പി. സജീന്ദ്രൻ: കിഫ്ബി മുഖേനയുള്ള മനക്കക്കടവ്-പട്ടിമറ്റം-നെല്ലാട്-പത്താംമൈൽ റോഡ് നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മനക്കക്കടവ്-കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട് റോഡിന്റെ നവീകരണത്തിനായി കെ.ആർ.എഫ്.ബി. കിഫ്ബിയിൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് പരിശോധിച്ച് 31.18 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കാലാവധി അവസാനിക്കുന്ന മാർച്ച് 2020-നുള്ളിൽ ബി.എം.&ബി.സി. ഉൾപ്പെടെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(10) ആലുവ ഇ.എസ്.ഐ. ആശുപത്രി

ശ്രീ. അൻവർ സാദത്ത്: മരുന്നുക്ഷാമമുൾപ്പെടെ ആലുവ ഇ.എസ്.ഐ. ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കാനും ലാബ് അസിസ്റ്റന്റിനെ നിയമിക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ആലുവ ഇ.എസ്.ഐ. ആശുപത്രിക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിലേയ്ക്കുള്ള ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്. രോഗികൾക്ക് റഫറൽ ഹോസ്പിറ്റലുകളിൽനിന്നും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## IV ഗവൺമെന്റ് പ്രമേയം

ബി.പി.സി.എൽ. സ്വകാര്യവൽക്കരണം

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): "രാജ്യത്തെ തന്ത്രപ്രധാന മേഖലകളിലെല്ലാം യാതൊരു തത്വദീക്ഷയുമില്ലാതെ സ്വകാര്യവൽക്കരണ നയങ്ങൾ കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുകയാണ്. ലാഭത്തിൽ

പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുകൂടി കേന്ദ്രസർക്കാർ സ്വകാര്യവൽക്കരണം വ്യാപിപ്പിക്കുകയാണ്.

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (ബി.പി.സി.എൽ.) സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിലുണ്ട്.

കഴിഞ്ഞ അരനൂറ്റാണ്ട് കാലമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ബി.പി.സി.എൽ.-ൽ 53.29 ശതമാനം ഓഹരികൾ കേന്ദ്രസർക്കാരിന്റേതാണ്. അത് പൂർണ്ണമായും വിറ്റഴിക്കുന്നത് സ്വകാര്യ കുത്തക കമ്പനികൾക്ക് വൻ നേട്ടമുണ്ടാക്കാൻ അവസരമൊരുക്കും. ഇതോടെ പ്രതിവർഷം ഭീമമായ തുക നികുതിയിനത്തിൽ സർക്കാരിന് നൽകുന്ന സ്ഥാപനം ഫലത്തിൽ ഇല്ലാതാകും.

മുപ്പതിനായിരത്തോളം സ്ഥിരം/കരാർ ജീവനക്കാരുടെ തൊഴിൽ സ്ഥിരതയെ ഈ നീക്കം ദോഷകരമായി ബാധിക്കും. സ്വകാര്യവൽക്കരണം കാരണം കോടിക്കണക്കിന് വരുന്ന പാചകവാതക ഉപയോക്താക്കൾക്ക് നിലവിൽ ലഭിച്ചുവരുന്ന സബ്സിഡി നഷ്ടമാവുകയും ചെയ്യും. രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്ക് വഹിക്കുന്ന പൊതുമേഖലാ എണ്ണക്കമ്പനിയുടെ സ്വകാര്യവൽക്കരണം

രാജ്യസുരക്ഷയെത്തന്നെ ബാധിക്കുന്നതാണ്.

ബി.പി.സി.എൽ.-ന്റെ ഭാഗമായ കൊച്ചി റിഫൈനറി സ്ഥാപിച്ചത് കേരള സർക്കാർ കൂടി മുൻകൈ എടുത്താണ്. റിഫൈനറി ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാനത്തിന്റെ ഓഹരി നിലനിർത്തുകയും ബോർഡിൽ ഒരു ഡയറക്ടറെ ഉൾപ്പെടുത്തുകയും ചെയ്തു. സ്ഥാപനത്തിന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. ഈ നിലയിൽ 1500 കോടി രൂപയാണ് കേരളം ഈ പൊതുമേഖലാ കമ്പനിക്ക് വായ്പയായി നൽകാൻ നിശ്ചയിച്ചത്.

25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽനിന്നാണ് ലഭ്യമാകേണ്ടത്. സ്വകാര്യവൽക്കരണനീക്കം പദ്ധതിയെ അനിശ്ചിതത്വത്തിലാക്കും.

ഈ സാഹചര്യത്തിൽ ദേശീയ താത്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താത്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തേണ്ടതുണ്ട്. എണ്ണ സംസ്കരണ-വിൽപ്പനപോലുള്ള തന്ത്രപ്രധാനമായ

മേഖലയിൽ സ്വകാര്യ കുത്തകകൾക്ക് അധീശത്വം സ്ഥാപിക്കാൻ വഴിയൊരുക്കുന്ന ഓഹരി വിറ്റഴിക്കൽ നടപടിയിൽനിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു. പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ. സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിനെതിരെ കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിക്കുകയും ശക്തമായ സമ്മർദ്ദം ചെലുത്തുകയും വേണം. ഇതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടായിരിക്കുന്നതാണ്.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## V റിപ്പോർട്ടുകളുടെ സമർപ്പണം

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ മൂന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI ക്രമപ്രശ്നം

ഡിലേ സ്റ്റേറ്റ്മെന്റുകളിലെ അവ്യക്തത

ശ്രീ. റോജി എം. ജോൺ: നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ ഒഴികെയുള്ളവയ്ക്ക് മന്ത്രിമാർ കൃത്യമായി മറുപടി നൽകാത്ത സ്ഥിതിയാണുള്ളത്. 15-ാം സമ്മേളന കാലത്തെ ചില ചോദ്യങ്ങൾക്ക് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമുള്ള മറുപടി ഇപ്പോഴാണ് ലഭ്യമാക്കിയത്. വിവരം ശേഖരിച്ചു നൽകുന്നതാണെന്ന ഇടക്കാല മറുപടി നൽകിയ ചോദ്യങ്ങൾക്കും ഇതുവരെ അന്തിമ മറുപടി ലഭിച്ചിട്ടില്ല. ബോധപൂർവ്വം ഇത്തരത്തിൽ വിവരങ്ങൾ തടഞ്ഞുവച്ച് സഭയെ അവഹേളിക്കുന്നതിനെതിരെ കർശന ഇടപെടലുണ്ടാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നിയമസഭാ ചോദ്യങ്ങളുടെ ഉത്തരം സമയബന്ധിതമായി നൽകാൻ കഴിയാതെ വരുമ്പോൾ ചട്ടപ്രകാരം മേശപ്പുറത്ത് വയ്ക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകളിൽ ചോദ്യം സംബന്ധിച്ച പൂർണ്ണവിവരം ഉൾപ്പെടുത്തുന്നതായി കാണുന്നില്ല. നിയമസഭാ സമ്മേളനം, തീയതി, ചോദ്യനമ്പർ, മന്ത്രിയുടെ പേര്, ഉന്നയിച്ച അംഗത്തിന്റെ

പേര്, കാലതാമസം നേരിട്ടതിന്റെ കാരണം എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡിലേ സ്റ്റേറ്റ്മെന്റ് സമർപ്പിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നതാണ്.

മി. സ്പീക്കർ: അംഗങ്ങളുടെ നിരന്തരമായ ഇടപെടലിന്റെയും റൂളിംഗിന്റെയും സർക്കാർ സ്വീകരിക്കുന്ന നടപടികളുടെയും ഭാഗമായി നിയമസഭാ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമാക്കുന്നതിൽ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇനിയും മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുമെന്ന് പാർലമെന്ററികാര്യ വകുപ്പുമന്ത്രി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VI നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മദ്രസ്സാദ്ധ്യാപകരുടെ വേതനം പരിഷ്കരിക്കുന്നതിനും ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും നടപടിയുണ്ടാകണം. അവരുടെ ഉന്നമനത്തിനായി ബഡ്ജറ്റ് വിഹിതം നീക്കിവയ്ക്കാനും ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്രവിഹിതം വിനിയോഗിക്കുന്നതിനും തയ്യാറാകണം. സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനായി കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിലെ അദ്ധ്യാപകരുടെയും മദ്രസ്സ കമ്മിറ്റി പ്രതിനിധികളുടെയും എണ്ണം കുറയ്ക്കണം. ഇൻഷ്വറൻസ് പരിരക്ഷ, സേവന ചാർജ്, വിരമിക്കൽ ആനുകൂല്യം എന്നിവയ്ക്ക് സർക്കാർ വിഹിതം പ്രത്യേകമായി നൽകാൻ നടപടിയുണ്ടാകണം.

ശ്രീ. പി. ഉബൈദുള്ള: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മദ്രസ്സകളുടെ ആധുനികവൽക്കരണത്തിന് ഗ്രാന്റ് അനുവദിക്കാനും ക്ഷേമനിധിയിൽ അംഗമാകേണ്ട പ്രായപരിധി 18 ആയി നിജപ്പെടുത്താനും മറുനാട്ടിലുള്ള

കേരളീയരായ മദ്രസ്സാദ്ധ്യാപകരെക്കൂടി ക്ഷേമനിധിയിൽ അംഗമാക്കാനും നടപടിയുണ്ടാകണം. മദ്രസ്സാദ്ധ്യാപകരുടെ ഏകീകൃത സേവന-വേതന വ്യവസ്ഥയ്ക്കുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാനും അർഹമായ സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ തയ്യാറാകണം.

ശ്രീ. ടി. ജെ. വിനോദ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മദ്രസ്സ കമ്മിറ്റി നൽകേണ്ട അംശദായവിഹിതം സർക്കാർ ഏറ്റെടുക്കുകയും 18-നും 55 വയസ്സിനുമിടയിലുള്ള എല്ലാ മദ്രസ്സാദ്ധ്യാപകർക്കും ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനും സൗകര്യം ഏർപ്പെടുത്തണം. പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനെ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലും നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിതലത്തിലുള്ള ഉദ്യോഗസ്ഥനെ ബോർഡിലെ അംഗമായും നിയമിക്കണം. ക്ഷേമനിധിയിലെ അംഗസംഖ്യയും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനും മദ്രസ്സാദ്ധ്യാപകരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപീകൃതമായ പാലൊളി കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും ന്യൂനപക്ഷ സർവ്വേ നടത്തുന്നതിനും നടപടി സ്വീകരിക്കണം. ഇൻഷ്വറൻസ് പരിരക്ഷ പ്രീമിയം സംബന്ധിച്ച് വ്യക്തത വരുത്തുകയും ക്ഷേമനിധിയിൽ അംഗത്വമെടുക്കാനുള്ള കുറഞ്ഞ പ്രായം 18 ആയി നിജപ്പെടുത്തുകയും വേണം. ന്യൂനപക്ഷക്ഷേമ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയെയും പൊതുഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെയും ബോർഡിൽ ഉൾപ്പെടുത്തുകയും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യണം. മദ്രസ്സാദ്ധ്യാപകർക്ക് പരിശീലനം, ചികിത്സാ സഹായം തുടങ്ങിയവ ലഭ്യമാക്കുകയും ഇ.എസ്.ഐ. അംഗത്വം നൽകുകയും അവരുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് പഠനം നടത്തുകയും വിദ്യാഭ്യാസ പാക്കേജ് തയ്യാറാക്കുകയും വേണം.

ശ്രീ. പി. വി. അൻവർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ന്യൂനപക്ഷക്ഷേമം മുൻനിർത്തി അവതരിപ്പിച്ചിരിക്കുന്ന ബിൽ സ്വാഗതാർഹമാണ്. ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് പ്രതിമാസ പെൻഷൻ, വിവാഹ ധനസഹായം, വിവാഹ വായ്പ, പലിശരഹിത ഭവനവായ്പ, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, അവശതാ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിലൂടെ കഷ്ടതയനുഭവിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളെ  സഹായിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2010-ൽ രൂപീകൃതമായ മദ്രസ്സാദ്ധ്യാപക ക്ഷേമനിധിക്ക് വ്യവസ്ഥാപിതമായ ഭരണനിർവ്വഹണ സംവിധാനം നിയമനിർമ്മാണംവഴി കൊണ്ടുവരാൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്. മദ്രസ്സാദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആയി കുറയ്ക്കുകയും 5 വർഷം വരെയുള്ള അംഗത്വ കാലയളവിന് 1,500/- രൂപയായി പെൻഷൻ തുക വർദ്ധിപ്പിക്കുകയും ഉയർന്ന പെൻഷൻ 7,500/- രൂപയാക്കി

നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.ടെക്, എൽ.എൽ.ബി., ബി.എഡ്. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് ഗവൺമെന്റ്/ഗവൺമെന്റ് അംഗീകൃത കോളേജുകളിൽ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിന് തുല്യമായ തുക ക്ഷേമനിധിയിൽനിന്ന് നൽകുന്നതാണ്. അംഗങ്ങളുടെ വിവാഹത്തിനും അവരുടെ രണ്ട് പെൺമക്കളുടെ വിവാഹത്തിനുമുള്ള ധനസഹായം 25,000 രൂപയാക്കി വർദ്ധിപ്പിക്കുകയും 50 മാസം തുല്യ തവണകളായി തിരിച്ചടയ്ക്കുന്ന രീതിയിൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന 2 ലക്ഷം രൂപ പലിശരഹിത വിവാഹവായ്പ ലഭ്യമാക്കുന്നതിനുള്ള സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. മൂന്നുവർഷത്തിൽ കുറയാതെ അംശദായം അടച്ചുവരുന്ന അംഗത്തിന് അപകടം/രോഗം എന്നിവമൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ചാൽ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 1,000/- രൂപ അവശതാ പെൻഷൻ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ ലഭിക്കാൻ അർഹതയുള്ള ഒരംഗം മരണമടഞ്ഞാൽ ആശ്രിതന് 1000 രൂപയോ അംഗത്തിന് ലഭിക്കാൻ അർഹതയുള്ള പെൻഷന്റെ പകുതിയോ ഏതാണോ

കൂടുതൽ ആ തുക കുടുംബ പെൻഷനായി നൽകുന്നതാണ്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ പുതിയ ഓഫീസ് ഫർണിഷിംഗിനായി 32 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

257, 261, 262, 263, 265, 269, 271, 272, 274, 281, 282, 287, 293, 294, 295, 297, 300, 304, 305, 306, 310, 314, 315, 319, 320, 321, 322, 323, 326, 328, 330, 334, 336, 337, 338, 346, 347, 350, 351, 353, 355, 359, 360, 363, 364, 365, 366, 367, 368, 369, 370, 373, 375, 380, 382, 384, 385, 386, 392, 394, 395, 396, 397, 400, 402, 405, 406, 407, 408, 411 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

360. ഖണ്ഡം 2 (ജെ)-ൽ "എന്നതിൽ" എന്നതിനു പകരം
"എന്നാൽ" എന്ന് ചേർക്കുക.

369. ഖണ്ഡം 2 (ജെ)-ൽ "കേരള എഡ്യൂക്കേഷൻ റൂളിന്റെ" എന്നീ
വാക്കുകൾക്ക് പകരം "1959-ലെ കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ"
എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

400. ഖണ്ഡം 2(എൻ)-ൽ "ആവിഷ്കരിക്കുന്ന" എന്നതിനു പകരം
"ആവിഷ്കരിച്ചിട്ടുള്ള" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

മന്ത്രി 530-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

530. 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് എന്നത് നീക്കം ചെയ്യുക.

414, 419, 424, 438, 439, 440, 441, 454, 457, 459, 462, 463, 478,

483, 484, 489, 496, 502, 504, 505, 509, 510, 511, 517, 518, 523, 524, 525, 526, 527, 528, 529, 532, 533, 535, 536, 538, 540, 542, 544, 545, 546, 551, 552 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

542. ഖണ്ഡം 3(5)(എഫ്)ൽ, " അഞ്ചു" എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

546. ഖണ്ഡം 3(5)(എഫ്)-ൽ,

ii)"നൽകുന്നതിന്" എന്ന വാക്കിനു പകരം "ലഭിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

557, 558 (ii, iii), 560, 561, 562, 565, 566, 568, 569, 570,

575 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

557. ഖണ്ഡം 4-ൽ "പ്രവർത്തനത്തിന്" എന്നതിനുപകരം "പ്രവർത്തനത്തിനും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

587, 593, 608, 613, 618, 619, 622, 626, 637, 639, 640, 641, 642, 643, 646, 648 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

649, 650, 651(ii, iii), 652(ii), 662, 667, 668, 670, 671, 672, 673, 675, 678, 680, 681, 685, 688, 689, 690, 691, 698, 701, 702, 703, 704, 705, 706, 707, 708, 709, 710, 713 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

649. ഖണ്ഡം 6 (1)-ൽ " (കെ)" എന്നതിന് പകരം "(ജെ)" എന്ന് ചേർക്കുക.

650. ഖണ്ഡം 6 (1)-ൽ " ഇരുപത് " എന്നതിന് പകരം "പതിനെട്ട്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി

അവതരിപ്പിച്ചു.

718. ഖണ്ഡം 7(1)-ൽ, "പദ്ധതിപ്രകാരം" എന്ന വാക്കിനു പകരം "പദ്ധതി പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

716, 717, 719, 723, 725, 729, 730, 731, 732, 735, 736, 742, 743, 746,747, 748, 749, 750, 752 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

756, 762, 764, 765, 766, 769 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

771, 772, 773, 779, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

781, 783, 784, 787, 788, 795, 796, 797, 806, 809, 813, 814, 816, 819, 820, 822, 828, 832, 835, 836, 837, 844, 848, 853, 855, 857, 862, 864, 867, 869, 870, 873, 881, 882 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

883, 885, 886, 888, 889, 894, 895, 900, 903, 906, 907, 912, 914

എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

915, 916, 917, 922, 926, 927, 928, 931, 932, 935, 937, 939 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

940, 942, 945, 946, 947, 948, 949, 950, 952, 957, 958, 959, 960, 961, 962, 963, 964, 967, 970 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

953. ഖണ്ഡം 13(1) (സി)-ൽ "ഹാജരാകാതിരിക്കുകയാണെങ്കിൽ" എന്നതിന് ശേഷമുള്ള "കൂടാതെ" എന്നതിന് പകരം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

971, 972, 973 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

974, 975, 976, 977, 978, 979, 980, 981, 982, 983, 984, 985, 988,

989, 990, 991, 992, 993, 994 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

992. ഖണ്ഡം 15(3)-ൽ "ആഫീസറോ" എന്ന വാക്കിനു പകരം "ഓഫീസറോ" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>16-ാം വകുപ്പ്</u>

995, 997, 998, 999, 1000, 1001, 1002 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>17-ാം വകുപ്പ്</u>

1004, 1005, 1008, 1009, 1010, 1011, 1012, 1013 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>18-ാം വകുപ്പ്</u>

1015, 1016, 1017 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>19-ാം വകുപ്പ്</u>

1019, 1021, 1022, 1023 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

1027, 1028, 1029, 1030 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

1033, 1034, 1035, 1038, 1042 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ാം വകുപ്പ്

1046, 1047, 1048, 1049 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 23-ാം വകുപ്പ്

1051, 1053, 1054, 1055, 1056, 1057 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1053. ഖണ്ഡം 23(1)-ൽ "ആഫീസർ" എന്ന വാക്കിനു പകരം "ഓഫീസർ" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 24-ാം വകുപ്പ്

1060, 1061, 1062, 1063 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1060. ഖണ്ഡം 24-ൽ "ആഫീസറോ" എന്ന വാക്കിനു പകരം "ഓാഫീസറോ" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>25-ാം വകുപ്പ്</u>

1068, 1069, 1070 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>26-ാം വകുപ്പ്</u>

1071, 1072, 1075 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>27-ാം വകുപ്പ്</u>

1076, 1077, 1079 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>28-ാം വകുപ്പ്</u>

1080, 1081 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

1082, 1083, 1084, 1085, 1086, 1087, 1088, 1091, 1092, 1093 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1083. പട്ടികയിൽ, ക്രമ നം. 5-ൽ "ആഫീസറുടെ" എന്ന വാക്കിനു പകരം

" ഓഫീസറുടെ " എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

115, 132, 133, 140, 141, 142, 149, 150, 154, 155, 165, 179, 180, 183, 201, 206, 208, 215, 219, 228, 231, 234, 235, 241, 250, 256 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(കെ.എസ്.യു. മാർച്ചിനിടെ ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ പോലീസ് മർദ്ദിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ചു.)

(ii) 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. പി. ടി. എ. റഹീം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നിയമ ഭേദഗതിയിലൂടെ കടാശ്വാസ കമ്മീഷന് എഴുതിത്തള്ളാവുന്ന കാർഷിക കടങ്ങളുടെ പരിധി രണ്ട് ലക്ഷം രൂപയായി ഉയർത്തിയ നടപടി സ്വാഗതാർഹമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ മാത്രമാണ് പ്രാഥമിക

സഹകരണ സംഘങ്ങളിൽനിന്ന് കർഷകർക്ക് വായ്പയെടുക്കാൻ സൗകര്യമുള്ളത്. ഈ ഭേദഗതി ബില്ലിലൂടെ കർഷകന് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്ന് രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾ കർഷക സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കർഷക കടാശ്വാസത്തിനായി ഒരു മാതൃനിയമം കൊണ്ടുവരാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഈ ബിൽ നിയമമാകുന്നതോടെ സഹകരണ മേഖലയിൽനിന്നും വായ്പയെടുത്ത കൃഷിക്കാർക്ക് മെച്ചപ്പെട്ട അവസ്ഥ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. കർഷക കടാശ്വാസ നിയമത്തിന്റെ ഭാഗമായി കൃഷിക്കാർക്ക് 207,85,11,276/- രൂപയുടെ സഹായം നൽകിയിട്ടുണ്ട്. പ്രളയവും അതിവൃഷ്ടിയുംമൂലം കാർഷിക മേഖലയിലുണ്ടായ തകർച്ചയുടെ പശ്ചാത്തലത്തിൽ കർഷക കടാശ്വാസം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള കർഷക

കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2-ഉം 3-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻ കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ  പാസ്സാക്കി.

സഭ വൈകുന്നേരം 3.16-ന് പിരിഞ്ഞു.

*******